വരെയുള്ള ട്രാൻസ്മിഷൻ മെയിൻ എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. കാളിപ്പാറ പദ്ധതി 31-3-2016-ൽ ഭാഗീകമായി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ട് ബാക്കി പണികൾ നടത്തിവരുന്നു.

കടിവെള്ളത്തിലെ ലവണങ്ങളുടെ അംശം

160 (2369) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല ജില്ലകളിലും ഉപയോഗിക്കുന്ന കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം, ഉപ്പ്, നൈട്രേറ്റ്, ഫ്ലൂറൈഡ് എന്നിവ ക്രമാതീതമായി ഉൾപ്പെട്ടതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന്റെ ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയിട്ടുള്ളതെന്നും ഏതെല്ലാം ജില്ലകളിലെ കുടിവെള്ളത്തിലാണ് ഇത്തരം ലവണങ്ങൾ കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമീണ ശുദ്ധജല സ്രോതസ്സുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇപ്രകാരം ഉള്ള സ്രോതസ്സുകളുടെ പരിശോധനാഫലം കേന്ദ്രസർക്കാരിന്റെ വെബ്സൈറ്റിൽ (www.indiawater. gov.in) പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇപ്രകാരമുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ 1-4-2015-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ 751 ഗ്രാമപഞ്ചായത്ത് വാർഡുകളിലെ (2001 സെൻസസ് പ്രകാരം) ശുദ്ധജല സ്രോതസ്സുകളിൽ മേൽപ്പറഞ്ഞ രാസമാലിന്യങ്ങളുടെ സാന്നിദ്ധ്യം ഇൻഡ്യൻ സ്റ്റാൻഡേർഡ് 10500:2012 അനുശാസിക്കുന്ന അനുവദനീയമായ പരിധിയിലും കൂടുതലായി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേരള ജല അതോറിറ്റി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതനുസരിച്ച് കടിവെള്ളഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങളിലേയ്ക്ക് സമീപത്തുള്ള സുരക്ഷിതമായ സ്രോതസ്സുകളിൽ നിന്നും ജലം ശുദ്ധീകരിച്ച് ലഭ്യമാക്കുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കൂടാതെ ജലനിധി റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ, ഇരുമ്പ് നിർമ്മാർജ്ജന പ്ലാന്റുകൾ, ടെറാഫിൽ ഫിൽറ്ററേഷൻ പ്ലാന്റുകൾ മുതലായവ വെള്ളത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി സ്ഥാപിച്ചു വരുന്നു.

കായംകുളം കായലിന്റെ ഉപജലപാത

161 (2370) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മൈാട്ടറിസം പദ്ധതിയുടെ ഭാഗമായി ദേശീയ ജലപാതയിൽ നിന്നും ഡി.റ്റി.പി.സി അമിനിറ്റി സെന്റർ വരെയുള്ള കായംകുളം കായലിന്റെ ഉപജലപാത ആഴവും, വീതിയും കൂട്ടുന്ന പദ്ധതിയ്ക്കായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള കേരള സ്റ്റേറ്റ് ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്തെല്ലാം വ്യവസ്ഥകൾ പാലിച്ചാണ് പദ്ധതി നടപ്പാക്കേണ്ടതെന്നും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രസ്തുത ഏജൻസിയ്ക്ക് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ ;

(ബി) കരാർ ഏറ്റെടുത്ത കമ്പനികൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ആഴവും, വീതിയും കൂട്ടുമ്പോൾ ലഭിക്കുന്ന മണ്ണ് ഏതെല്ലാം നടപടിക്രമങ്ങൾ പാലിച്ചാണ് നീക്കം ചെയ്യേണ്ടതെന്നും വ്യക്തമാക്കാമോ ;

(സി) ഉപജലപാതയുടെ ആഴം കൂട്ടലുമായി ബന്ധപ്പെട്ട ഡ്രഡ്ജിംഗ് തടസ്സപ്പെടുത്തിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം എന്തെന്നും പ്രശ്നപരിഹാരത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ഡി) നടപടിക്രമങ്ങൾ പാലിക്കുന്നതിൽ നിർവ്വഹണ ഏജൻസി, ബന്ധപ്പെട്ട വകുപ്പുകൾ കരാറുകാർ എന്നിവരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വീഴ്ചകൾ

LIBRARY ARCHIVES Kerala Legislative Assembly